പ്രതികരണം

●

ജലീൽ പടന്ന

# മംഗലം നടത്തി മുടിയുന്ന സമുദായം

**2009** വിടപറഞ്ഞതും 2010നെ വരവേറ്റതും കല്യാണ മാമാങ്കങ്ങളുടെ ചരിത്രം തിരുത്തിക്കുറിച്ചുകൊണ്ടാണ്. ധൂർത്തിന്റെയും ആഡംബരത്തിന്റെയും പുതിയ രാജവീഥികൾ വെട്ടിപ്പിടിക്കാനുള്ള സമുദായ സേവകരുടെ ശാഠ്യം വാശിയേറിയ മത്സരത്തിന് വഴിമാറിയിരിക്കുന്നു എന്നതാണ് കാസർകോട്ടുനിന്ന് പുറത്തുവരുന്ന പുതിയ മംഗല വർത്തമാനങ്ങളുടെ പൊരുൾ.

ഡിസംബർ 31–ന് മംഗലാപുരത്തെ ഏറ്റവും മുന്തിയ നക്ഷത്ര ഓഡിറ്റോറിയത്തിൽ നടന്ന കാസർകോടൻ കല്യാണത്തെ ശ്രദ്ധേയമാക്കുന്നത് സമ്മാന(സ്ത്രീധനം)മായി നൽകിയ സ്വർണത്തിന്റെ റെക്കോഡിൽ മാത്രമല്ല, രംഗ സജ്ജീകരണം തൊട്ട് ഭക്ഷണ കാര്യത്തിലടക്കമുള്ള വൈവിധ്യങ്ങളുടെ പേരിലാണ്. സ്വർണത്തിന്റെ വില സർവകാല റെക്കോഡുകളും ഭേദിച്ച് മുന്നേറുമ്പോഴാണ് സ്നേഹ നിധിയായ പിതാവ് മകളെ ആയിരം പവനിൽ (എട്ട്കിലോ) അണിയിച്ചൊരുക്കി സ്വർണാഭരണ വിഭൂഷിതയാക്കിയത്. മാത്രമോ, സിനിമാ സെറ്റിനെ വെല്ലുന്ന തരത്തിലുള്ള രംഗവേദിയിൽ നാല് ഭാഗങ്ങളിലായി അത്യാധുനിക സംവിധാനങ്ങളോടെയുള്ള കാമറകളുമായി നിലയുറപ്പിച്ചവർ വരന്റെയും വധുവിന്റെയും ഓരോ ചലനങ്ങളും ഭാവങ്ങളും അതിസൂക്ഷ്മമായി ഒപ്പിയെടുത്തു. ഓഡിറ്റോറിയത്തിന്റെ കവാടത്തിൽ തന്നെ രണ്ട് പുതുപുത്തൻ ബി.എം.ഡബ്ല്യു കാറുകൾ അണിയിച്ചൊരുക്കി നിർത്തിയിരുന്നു.!!

ഇതിന് ഒരാഴ്ച മുമ്പ് നടന്ന മറ്റൊരു നക്ഷത്ര കല്യാണത്തിന് വധു ധരിച്ചത് 35 പവൻ സ്വർണം തുന്നിപ്പിടിപ്പിച്ച ബ്ലൗസായിരുന്നുവത്രെ!

2010ലെ ആദ്യ ഞായറാഴ്ച കാസർകോട്ട് നടന്ന ഒരു പൗര പ്രമുഖന്റെ മകളുടെ വിവാഹവേദി ഒരുക്കിയത് 20 ലക്ഷം രൂപ ചെലവിട്ടായിരുന്നുവെന്ന് മാധ്യമങ്ങൾ തന്നെ റിപ്പോർട്ട് ചെയ്യുകയുണ്ടായി. ഒരു മാസം മുമ്പുതന്നെ ഈ മംഗല മാമാങ്കത്തിന്റെ വിളംബരം നടന്നിരുന്നു. കാസർകോട്ടെ പ്രമുഖ സായാഹ്ന പത്രത്തിൽ നൽകിയ മുഴുപേജ് പരസ്യം, 2010 ആദ്യ ഞായറാഴ്ച നടക്കുന്ന തന്റെ മകളുടെ വിവാഹ ദിവസം മഹല്ലിൽ മറ്റൊരു വിവാഹം നടത്തരുത് എന്ന അഭ്യർഥനയോടു

കൂടിയായിരുന്നു. രണ്ട് ദിവസത്തെ വിവാഹാഘോഷത്തിൽ പതിനായിരത്തിലേറെ പേർക്ക് സദ്യ വിളമ്പി. കോഴിക്കോട്ടുനിന്നും മലപ്പുറത്തുനിന്നും വന്ന കലാകാരന്മാരും കലാകാരികളും അതിഥികളായെത്തിയവർക്ക് കലാവിരുന്നൂട്ടി. ജില്ലയിലെ മത-മതേതര മേഖലകളിലെ പ്രമുഖരും മത പണ്ഡിതന്മാരും ഉലമാക്കളും ഉമറാക്കളും വിഭവ സമൃദ്ധമായ സദ്യയുണ്ട് വധൂവരന്മാർക്ക് പൊരുത്തവും എല്ലാം ഭംഗിയായിട്ടുണ്ട് ട്ടോ എന്ന കോംപ്ലിമെന്റും കൊടുത്ത് സ്ഥലം വിട്ടു. ആരിലും നേരിയ അസ്വസ്ഥത പോലും പ്രകടമായില്ല. കുറ്റം പറയരുതല്ലോ, കൂട്ടത്തിൽ മൂന്ന് നിർധനകളുടെ മംഗല്യ സ്വപ്നവും പൂവണിയിച്ചു. അതോടെ എല്ലാം ശുഭം! ആർക്കും ഒരു പരാതിയും പറയാനാവാത്ത വിധം എല്ലാ പഴുതുകളും അടഞ്ഞു!

കാസർകോട്ട് ഈ അടുത്ത കാലത്തായി അരങ്ങേറിയ ചില മംഗലമാമാങ്കങ്ങളുടെ വിശേഷങ്ങളാണ് മേൽ സൂചിപ്പിച്ചത്. മുസ്‌ലിം സമുദായത്തിൽ നല്ല സ്വാധീനവും അംഗീകാരവുമുള്ള പൗരപ്രമുഖരാണ് ഇതിന്റെയൊക്കെയും അണിയറ പ്രവർത്തകർ. ഇസ്‌ലാം ഏറ്റവും ലളിതമെന്ന് വിശേഷിപ്പിച്ച വിവാഹം എത്ര ഭാരിച്ചതും ചെലവേറിയതുമാണെന്ന് സാക്ഷ്യപ്പെടുത്തിക്കൊണ്ടിരിക്കുന്നു ഇവർ. ആഡംബര കല്യാണങ്ങൾക്ക് നികുതി ഏർപ്പെടുത്തുമെന്ന ധനമന്ത്രി തോമസ് ഐസക്കിന്റെ പ്രസ്താവന കാസർകോട്ടെ ഏതെങ്കിലും വിവാഹത്തിൽ പങ്കെടുത്തതിന് ശേഷം തോന്നിയ ആശയമാവാനേ തരമുള്ളൂ.

വിവാഹധൂർത്തും ആഡംബരവും എല്ലാ പരിധികളും ലംഘിച്ചിരിക്കുന്നു എന്ന തിരിച്ചറിവ് ഉണ്ടായപ്പോഴാണ് കുറച്ചു വർഷം മുമ്പ് കാസർകോട്ടെയും കാഞ്ഞങ്ങാട്ടെയും മുസ്‌ലിം സംയുക്ത ജമാഅത്ത് കമ്മിറ്റികൾ ഇതിനെതിരെ രംഗത്തുവന്നത്. ഇതിന്റെ ഭാഗമായി ജില്ലയിലെ എല്ലാ മഹല്ല് കമ്മിറ്റികൾക്കും സർക്കുലറയച്ചു. വീഡിയോ ഷൂട്ടിംഗ്, വരനെ ആനയിച്ചുകൊണ്ടുള്ള വാഹന റാലി, പടക്കം പൊട്ടിക്കൽ, വധൂഗൃഹത്തിൽ അറ കൊള്ളയടിക്കൽ എല്ലാം വിലക്കിക്കൊണ്ട് ഉത്തരവിട്ടു. നന്മ ആഗ്രഹിക്കുന്ന വലിയൊരു വിഭാഗം ഇതിനെ പിന്തുണച്ചു. ഇവർ നിർദേശങ്ങൾ നടപ്പിലാക്കുന്നതിൽ ജാഗ്രത കാട്ടി. എന്നാൽ ഒട്ടും താമസിയാതെയാണ് ഒരു സംയുക്ത ജമാഅത്തിന്റെ പ്രസിഡന്റിന്റെ മകളുടെ വിവാഹം വന്നെത്തിയത്. സർക്കുലറിലെ ഉത്തരവുകൾ കാറ്റിൽ പറന്നു. ആഡംബരത്തിന്റെ പുതിയ അധ്യായം രചിച്ചായിരുന്നു പ്രസിഡന്റ് തന്റെ മകളുടെ വിവാഹം കെങ്കേമമാക്കിയത്. സർക്കുലറിൽ ഒപ്പിട്ട് മഷിയുണങ്ങും മുമ്പു തന്നെ പ്രസിഡന്റ് അവറുകൾ നടത്തിയ ഈ നിയമലംഘനം ഏറെ വിമർശിക്കപ്പെട്ടു. ഒടുവിൽ പ്രസിഡന്റിനെ പുറത്താക്കിയെങ്കിലും പിന്നീടിങ്ങോട്ട് കാസർകോടിന്റെ സാമുദായിക പരിസരം വിവാഹ ധൂർത്തിന്റെയും ആഡംബരത്തിന്റെയും പരീക്ഷണശാലയായി മാറുന്നതാണ് കണ്ടത്.

വധുഗൃഹത്തിലേക്കുള്ള പുതിയാപ്പിള(വരൻ)യുടെ എഴുന്നള്ളിപ്പ് എങ്ങനെ വൈവിധ്യപൂർണമാക്കാം എന്ന ഗവേഷണത്തിലാണ് ഇവിടുത്തെ ചെറുപ്പക്കാർ. അണിയിച്ചൊരുക്കിയ ഗുഡ്സ് ഓട്ടോയിലും തുറന്ന വാഹനത്തിലുമായി വഴിയാത്രക്കാരെയൊക്കെ കൈവീശി ആശീർവദിച്ച് കടന്നു വരുന്ന വരന്റെ 'റോഡ്ഷോ' ഒഴിച്ചുകൂടാനാവാത്തതാണ്. വധുഗൃഹത്തിലെത്തിയാൽ പിന്നെ കൂട്ടുകാരുടെ പരാക്രമങ്ങളാണ്. അവിടെ കാണുന്ന എന്ത് വിലപിടിപ്പുള്ള സാധനങ്ങളും ഇവർക്ക് കൈക്കലാക്കാം. ഇതിനേക്കാൾ ക്രൂരമാണ് പിന്നീട് നടക്കുന്നത്. വരനെ വിട്ടുതരണമെങ്കിൽ കാശ് വേണമെന്നാവശ്യപ്പെട്ട് വരനെ മുറിയിൽ അടച്ചിട്ട് ബന്ധുക്കളുമായി വിലപേശൽ. ഒരു ലക്ഷത്തിൽ നിന്നും തുടങ്ങി ഒടുവിൽ 5000ത്തിൽ എത്തും

ഈ വിലപേശൽ. വധുവിനെ അറയിൽ കയറ്റാൻ അനുവദിക്കണമെങ്കിൽ വരനും തന്റെ കൂട്ടുകാർക്ക് കാര്യമായ പണക്കിഴി നൽകണം. ഇതൊക്കെയും കഴിഞ്ഞാൽ മാത്രമേ കൂട്ടുകാരൊക്കെയും വീടിനു പുറത്തിറങ്ങൂ. ഇത്തരം സംഭവങ്ങൾ ചോദ്യംചെയ്തതിന്റെ പേരിൽ കൈയാങ്കളിയും ഒടുവിൽ കല്യാണം തന്നെ അലങ്കോലപ്പെട്ടതുമായ നിരവധി സംഭവങ്ങൾ ഇവിടെയുണ്ടായിട്ടുണ്ട്. വെടിക്കെട്ടും ഗാനമേളകളുമൊക്കെ വിവാഹാഘോഷത്തിന്റെ പ്രധാന ഇനങ്ങളാണ്.

വിവാഹ ധൂർത്തിൽ മാത്രമല്ല സമുദായ മുഖ്യന്മാർ മത്സരിക്കുന്നത്. "കാറിന് ഇഷ്ട നമ്പർ നേടാൻ പുതിയ കാറിന്റെ വില" എന്ന തലക്കെട്ടിൽ കഴിഞ്ഞ ഡിസംബർ 10 ന്റെ *മാധ്യമം* പത്രത്തിൽ വന്ന വാർത്ത ഇങ്ങനെ; "പുതിയ കാറിന് ഇഷ്ട നമ്പർ നേടാൻ തളങ്കര സ്വദേശി മുടക്കിയത് പുതിയ ആഡംബര കാറിന്റെ വില. KL-14 J.1 എന്ന നമ്പറിനായി ഇന്നലെ കാസർകോട് ആർ.ടി ഓഫീസിൽ നടന്ന വാശിയേറിയ ലേലം വിളിയിലാണ് തളങ്കരയിലെ പി.എ മുഹമ്മദ് 600100 രൂപ മുടക്കി പുതിയ ബി.എം.ഡബ്ല്യു കാറിന് ഇഷ്ട നമ്പർ സ്വന്തമാക്കിയത്. കാസർകോട്ടെ ഇബ്റാഹീം ഹാജി 6 ലക്ഷം രൂപവരെ വിളിച്ചെങ്കിലും പിന്മാറുകയായിരുന്നു. കാസർകോട്ട് ഇത് റെക്കോർഡ് തുകയാണെന്ന് ആർ.ടി.ഒ വൃത്തങ്ങൾ പറഞ്ഞു."

ടയർ പഞ്ചറായ ഉന്തു വണ്ടിയിൽ കടല വിറ്റ് ഉപജീവനം നടത്തുന്ന തളങ്കരയിലെ അലവിക്കയും, പട്ടിണി മരണം ഒഴിവാക്കാനായി ഗത്യന്തരമില്ലാതെ ലോട്ടറി വിൽപനക്കാരനായി മാറിയ ചിത്താരിയിലെ മൊയ്തുക്കയുടെ മഡ്ഗാഡ് പൊട്ടിയ സൈക്കിളും കാസർകോടിന്റെ പരിഛേദങ്ങളല്ലാതാവുന്നില്ല. ഈ യാഥാർഥ്യങ്ങളെയാണ് 6 ലക്ഷം മുടക്കി നേടിയ നമ്പർ പ്ലേറ്റ് കൊണ്ട് മറയ്ക്കാൻ ശ്രമിക്കുന്നത്. നാഷനൽ ഹൈവെയിലൂടെ സഞ്ചരിച്ചാൽ കാസർകോടിന്റെ നേർ ചിത്രങ്ങൾ കാണാനാവും; പട്ടിണിയും പരിവട്ടവുമായി കഴിയുന്ന കോളനി വാസികൾ, സമൂഹവുമായി ഇടകലരാൻ പോലും സാധിക്കാത്ത വിധം അന്യവൽക്കരിക്കപ്പെട്ട എൻഡോസൾഫാൻ വിഷമഴയുടെ ഇരകൾ, നിത്യ ദാരിദ്ര്യം മൂലം വിവാഹം സ്വപ്നം മാത്രമായി മനസ്സിൽ ഒതുക്കി അന്യന്റെ അടുക്കളയിൽ കഴിയുന്ന നൂറുകണക്കിന് മുസ്‌ലിം യുവതികളുടെ കരിപുരണ്ട ജീവിതങ്ങൾ....... ഇതൊക്കെയും മറച്ചു വെക്കപ്പെടുകയാണ് ഒരുപറ്റം സമ്പന്നരുടെ കെട്ടുകാഴ്ചകൾക്ക് മുന്നിൽ. 'കുടക് കല്യാണം' എന്ന ഒരു സമ്പ്രദായം തന്നെ ഇവിടുത്തെ സാമുദായിക നിഘണ്ടുവിൽ സ്ഥാനം പിടിച്ചിട്ടുണ്ട്. ഇരുപത്തിയഞ്ചും മുപ്പതും പ്രായംകഴിഞ്ഞിട്ടും കെട്ടിച്ചയക്കാൻ പണ്ടവും പണവും ഇല്ലാത്തതിന്റെ പേരിൽ പുര നിറഞ്ഞു നിൽക്കുന്ന മുസ്‌ലിം യുവതികളെ കുടകിൽ നിന്നുള്ള മധ്യവയസ്കർക്ക് കെട്ടിച്ചു കൊടുക്കുകയാണിന്ന്. ഈ മേഖലയിൽ മാത്രം പ്രവർത്തിക്കുന്ന വിവാഹ ദല്ലാൾമാരുടെ 'നെറ്റ്‌വർക്ക്' ജില്ലയിൽ വ്യാപകമാണത്രെ! ഇത്തരം വിവാഹങ്ങൾ അധികകാലം നീണ്ടുനിൽക്കാറില്ലെന്നത് മറ്റൊരുകാര്യം. ജില്ലയിൽ വ്യവസ്ഥാപിതമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ജീവകാരുണ്യ സംഘടനകളുടെയും സകാത്ത് കമ്മിറ്റികളുടെയും ഫയലുകളിൽ വിവാഹത്തിന് ധന സഹായം അഭ്യർഥിച്ച് കൊണ്ടുള്ള മുസ്‌ലിം പെൺകുട്ടികളുടെയും അവരുടെ രക്ഷിതാക്കളുടെയും അപേക്ഷകൾ കുന്നുകൂടി കിടക്കുകയാണ്. വീട്ടിലെ ദാരിദ്ര്യം മൂലം പെൺമക്കളെ പഠിപ്പിക്കാനാവാതെ അന്യന്റെ വീട്ടുജോലിക്കായി പറഞ്ഞു വിടുകയും ഒടുവിൽ പെൺവാണിഭ റാക്കറ്റിന്റെ കൈകളിൽ എത്തിപ്പെടുകയും ചെയ്ത നിരവധി സംഭവങ്ങൾ ഈ അടുത്തകാലത്തായി റിപ്പോർട്ട് ചെയ്യപ്പെടുകയുണ്ടായി.

കേരളത്തിലെ മുസ്‌ലിം ചരിത്രത്തോളം തന്നെ പഴക്കമുണ്ട് കാസർകോടിന്റെ

മുസ്‌ലിം ചരിത്രത്തിന്. മാലിക്ബിൻ ദിനാറും അനുയായികളും കേരളത്തിൽ പണിത പത്തോളം പള്ളികളിൽ ഒന്ന് കാസർകോട് തളങ്കരയിലായിരുന്നു. അതിശക്തമായ സാമ്രാജ്യത്വവിരുദ്ധ പോരാട്ടത്തിനും വേദിയായിട്ടുണ്ട് ഈ ജില്ല. എന്നാൽ ചരിത്രത്തിൽനിന്ന് ഒന്നും തന്നെ പഠിക്കേണ്ടെന്ന് തീരുമാനിച്ചിരിക്കുന്നു പുതുതലമുറയിലെ സമ്പന്ന വർഗം. ജീവിതം ആവോളം ആഘോഷിക്കാനുള്ളതാണെന്ന മുതലാളിത്ത കാഴ്ചപ്പാടാണ് ഇവരെ നയിക്കുന്നത്. ഇവരെ തിരുത്താനോ നിലക്ക് നിർത്താനോ തയാറാവുന്നില്ല എന്നതാണ് പണ്ഡിത സമൂഹത്തിന്റെ പരാജയം.

പൊങ്ങച്ചം പ്രകടിപ്പിക്കാനുള്ള അവസരമായി വിവാഹത്തെയും വാഹന രജിസ്റ്റർ നമ്പറിനെയും തെരഞ്ഞെടുത്ത സമുദായം എന്ത് സേവനമാണാവോ സമൂഹത്തിനും ദീനുൽ ഇസ്‌ലാമിനും ചെയ്തുകൊണ്ടിരിക്കുന്നത്! ■